മുപ്പത്തിയെട്ടുവർഷത്തെ സമുജ്ജ്വലമായ ഔദ്യോഗിക സേവനം പൂർത്തിയാക്കി, ഇന്ന് വിരമിക്കുകയാണ്, പ്രിയപ്പെട്ട അനിൽ ഉണ്ണിത്താൻ. മിക്കവരുടേയും അനിലേട്ടൻ. പലരുടേയും അനിൽജി.

ടീബി കൂട്ടായ്മയുടെ ജീവനാഡിയായി നമ്മോടൊപ്പമുള്ള യാത്ര ഇനിയും തുടരുകയാണ്. തന്റെ സമ്മോഹനമായ ജീവിതപാതയിൽ ടാലന്റഡ് ബാങ്കേഴ്സ് എന്ന കൂട്ടായ്മയുടെ പാലകനായി, കളിക്കൂട്ടുകാരനായി, ദാർശനികനായി, ഇളംകാറ്റായി, ചടുലഭാവരസങ്ങളുടെ കരുത്തേകിയ നായകൻ.

ഈയാഴ്ചയുടെ ദളം - ടീബിയുടെ കരുതലായി കാത്തുവച്ച ദളം വിടരുന്നു.

ജി. അനിൽകുമാർ,
സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ,
കടപ്പാക്കട, കൊല്ലം

കുണ്ടറയിലെ 'കെൽ' (KEL) ജീവനക്കാരനും കറകളഞ്ഞ കമ്മ്യൂണിസ്റ്റുമായിരുന്ന പരേതനായ കെ.കെ.ജി.ഉണ്ണിത്താൻ-രത്നമയീദേവികുഞ്ഞമ്മ എന്ന ശ്രീദേവി ദമ്പതികളുടെ മൂന്നുമക്കളിലെ നടുവിലാൻ എന്ന അഭിമാനം - ചേച്ചിയും അനുജത്തിയും ചേർന്ന സംഘത്തിലെ നാളുകളുടെ ചാരുത പകർന്ന ഇൻട്രോയിൽ അദ്ദേഹം കുറിച്ചു വച്ചു.

കുട്ടിയാശാന്റെ 'മണൽമീഡിയ'ത്തിൽ അക്ഷരപഠനം. എൽ. എം.എസ് എൽ.പീ. എസ്, സെന്റ് ജൂഡ്സ് ഹൈസ്ക്കൂൾ, കൊല്ലം എസ്.എൻ.കോളേജ്, കോട്ടയം ബസേലിയസ് കോളേജ് എന്നീ മഹത്തായ കലാലയങ്ങളിലൂടെ മനുഷ്യകഥാനുയായിയായി രസതന്ത്രത്തിൽ ബിരുദാനന്തരബിരുദധാരിയായി, നാം കാണുന്ന താടിക്കാരൻ രൂപപ്പെട്ടു.

സാഹിത്യക്കൂട്ടിലൂടെ കഥാപ്രസംഗവും മോണോആക്ടും സ്വായത്തമാക്കി. ബാലലോകത്ത് നെടുനായകത്തം നല്കി. 1987 ജൂലായിൽ തന്റെ ഇരുപത്തിരണ്ടാം വയസ്സിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽ ലഭിച്ച ബാങ്കുദ്യോഗം ഏറ്റെടുത്തു. തിരുവനന്തപുരം മലയിൻകീഴിൽ നിന്നു തുടങ്ങിയ പുതുയാത്രയിലൂടെ തെളിർനീർസരണി വേറൊരുതലം കുറിച്ചു. അനന്തപുരിയിലെ വാസം സംഗീതതാളലയങ്ങളിലൂടെ മികവുറ്റതായിയെന്ന് മനസ്സു തുറക്കുന്നു.

തുടർന്ന് ജന്മനാടായ കൊല്ലത്ത്
ദീർഘനാൾ സേവനമനുഷ്ഠിക്കാനവസരം കൈവന്നു.
താൻ സ്വായത്തമാക്കിയ മാനവികതയിലടിയുറച്ച നിരീക്ഷണപാടവും ചടുലമായ മനനവുംകൊണ്ട് സഹജീവികളും കൊല്ലത്തെ സാംസ്കാരിക മണ്ഡലവും ശ്രദ്ധയോടെ നെഞ്ചേറ്റിയ സഹോദരനായി മാറി. " കൊല്ലം ബീസ് " എന്ന ബാങ്ക് ജീവനക്കാരുടെ സാംസ്കാരികവേദിയെ പുല്കിയുണർത്തി രണ്ടു പതിറ്റാണ്ടു നീണ്ട സാരഥ്യമേറി. ബാങ്കിലെ ജീവനക്കാരുടെ സംഘടനാപ്രവർത്തനങ്ങളിൽ സജീവമായി. ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചുവരവെ ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ കൈവന്നു. തുടർന്ന് കൊല്ലത്തു നിന്ന് ആലുവയിലേക്ക്. ഇവിടെ വച്ച് ദേശീയതലത്തിൽ ലഭിച്ച സെൻട്രൽ ബാങ്ക് വിജിലൻസ് അവാർഡ് തന്റെ കർമ്മമണ്ഡലത്തിലെ പ്രതിബദ്ധതയുടെ നാന്ദിയായി ഹൃദയപൂർവം സൂക്ഷിക്കുന്നു.

വിവിധഗ്രേഡുകളിലൂടെ പുതുമേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചശേഷം ജന്മനാടായ കൊല്ലത്തെ പുല്കിയുണർത്തുവാൻ കഴിഞ്ഞ ആറുവർഷവും തന്റെ കർമ്മമണ്ഡലത്തിൽ സേവനനിരതനാകുവാൻ അദ്ദേഹത്തിനായി. സെൻട്രൽ ബാങ്ക് ഓഫീസേഴ്സ് സംഘടനയുടെ നേതൃനിരയിലെത്തി തന്റെ ദൗത്യം സാർത്ഥകമാക്കി. ഔദ്യോഗികസേവനപാതയിൽ നിന്ന് വിരമിച്ചു വിശ്രമജീവിതം വരിക്കുമ്പോൾ ഞങ്ങൾക്കു ചേർത്തുവയ്ക്കുവാൻ ഏവരുടേയും അനിലേട്ടൻ നല്കുന്ന വെെബ് - ഞങ്ങളുറക്കെ പറയുന്നു- "ഇതാ ഞങ്ങളുടെ വെെബ്; യുവത്വം തുളുമ്പും വെെബ്!"

അനിൽകുമാർ ജി എന്ന ബാങ്കർക്ക് ഏവരേയുംപോലെ ഇരുപത്തിനാലുമണിക്കൂറേയുള്ളു. അദ്ദേഹം അതു പകുത്തു വെച്ചു. തന്റെ പ്രതിബദ്ധതയുടെ കാമ്പ് വേണ്ടിടത്ത് എവിടെയും മനസ്സു തുറന്നു വച്ചു - സ്വയംപ്രകാശിച്ചുകൊണ്ട് വെളിച്ചമേകി. പലരുടെയും വളർച്ചയുടെ പടവുകളിൽ കാവലായി, തോഴനായി. കൂടെ സഞ്ചരിച്ചവരെ പ്രാപ്തതയുടെ തേരാളികളാക്കി പുതുവർണ്ണക്കൊടി നാട്ടി.

ആരായിരുന്നു അനിൽ? എഴുതുവാനേറെയുണ്ട്. രത്നച്ചുരുക്കമായി കുറിക്കുന്നു. കൊല്ലത്തെ യുവാക്കളെ ബാങ്കിംഗ് സെക്ടർ ജോലിക്കു പ്രാപ്തരാക്കുവാൻ തന്റെ യൂണിയൻ നല്കിയ അവസരങ്ങൾ ഫലപ്രദമാക്കിയ അദ്ധ്യാപകനായി. തന്റെ സാമൂഹികനിരീക്ഷണപാടവവും മാനവികതയിലൂന്നിയ ഭാഷാസ്വാധീനവും കൊണ്ട് രചിച്ച സറ്റയറുകൾ വഴി "ഏഷ്യാനെറ്റ്

മുൻഷി" യുടെ ആദ്യകാല തിരക്കഥാകൃത്തുകളിലൊരാളായിമാറി. ജോലിത്തിരക്കുകളാൽ കാലക്രമേണ അതിൽ നിന്നു വിടുതൽ നേടി. ആയിരത്തിലധികം എപ്പിസോഡുകളാൽ സമ്പന്നമായ ദൗത്യം. സാഹിത്യാസ്വാദകനും നിരൂപകനുമായി സമശീർഷരും ഗുരുതുല്യരും ഒരുപോലെ നെഞ്ചേറ്റിയ സഹൃദയൻ, ബർണാട്ഷാ യെക്കുറിച്ച് എഴുതി കെൈരളിക്കു സമർപ്പിച്ച രചയിതാവ്.

ഈ കുറിപ്പെഴുതുമ്പോൾ ഓർമ്മയിൽ തെളിഞ്ഞ ഒരു കഥയുണ്ട് - "ജലനിധി" - ലേബർലെൈഫ് നടത്തിയ സാഹിത്യമത്സരങ്ങളിൽ പ്രഥമസ്ഥാനം നേടിയ 'ജലനിധി". ഉള്ളുലക്കുന്ന പ്രമേയം- മാനവികതയിലൂന്നിയ ദർശനം ചിന്തേരിട്ട കഥ.

കൊല്ലത്തിന്റെ ചരിത്രകാരനായ ശ്രീ. രവിമോഹൻ അനിൽ ഉണ്ണിത്താനെക്കുറിച്ച് എഴുതിയ കുറിപ്പിൽ നിന്നും:

" മമ്മൂട്ടിയുടെ കടുത്ത ആരാധകനായിരുന്ന അനിൽ അതുകൊണ്ടു തന്നെ അക്കാലത്തെ മുഴുവൻ മമ്മൂട്ടി ചിത്രങ്ങളും ഒന്നുപോലും നഷ്ട്പ്പെടാതെ കാണുമായിരുന്നു. അനിൽ വായിച്ചു തീർത്ത പുസ്തകങ്ങളുടെ കണക്കെടുക്കുക പ്രയാസമായിരിക്കും. ഹോസ്റ്റലിൽ വെച്ച്, രാത്രിയുടെ അന്ത്യയാമങ്ങളിൽ കൂട്ടുകാരുമായി വേഷം കെട്ടി KPAC യുടെ നാടകങ്ങൾ കളിച്ചിരുന്ന അവർ, അത്രക്ക് ഗൗരവമായി സിനിമയെയും നാടകങ്ങളെയും പുസ്തകങ്ങളെയും കണ്ടിരുന്നു. ഈയിടെ ടാലന്റഡ് ബാങ്കേഴ്സ് എന്ന കൂട്ടായ്മ ബാങ്ക് രംഗത്തുള്ള ഉദ്യോഗസ്ഥരെ മാത്രം വെച്ചുകൊണ്ടുള്ള മൂന്ന് ഹ്രസ്വചിത്രങ്ങൾ പുറത്തിറങ്ങിയതിൽ "സിൽവർ സ്പൂൺ" എന്ന ഷോർട്ട് ഫിലിമിൽ ഏറ്റവും നല്ല രണ്ടാമത്തെ നടനുള്ള അവാർഡ് നേടിയതിനു പിന്നിൽ ചെറുപ്പത്തിലേയുള്ള ഈ അഭിവാഞ്ഛ ഒരു കാരണമായിരിക്കാം."

ടാലന്റഡ് ബാങ്കേഴ്സിന് ആരാണ് അനിൽജി എന്നൊരു ചോദ്യത്തിന് യാതൊരു പ്രസക്തിയും ഇല്ല. മുഖവുര വേണ്ടാത്തവിധം അലിഞ്ഞുചേർന്നിരിക്കുന്നു, അനിൽ എന്ന സാരഥി. ടിബിയുടെ വളർച്ചയിൽ അനിലിന്റെ സ്വപ്നങ്ങളും ഭാവനകളും ചന്തവും ചിന്തേരുമുണ്ടെവിടെയും. നിതാന്ത ജാഗ്രതയുടെ ഉദ്യാനപാലകനായി എവിടേയും!

തന്റെ ആശയങ്ങൾ മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കാനും അവരുടെ കൂടെ നിന്ന്, അവരുടെ സ്വപ്നങ്ങൾ നടത്തിയെടുക്കാൻ പ്രചോദനമാവാനും, ഇടറുന്ന നിമിഷങ്ങളിൽ കൈത്താങ്ങ് ആവാനും കഴിയുക എന്നത് എല്ലാവർക്കും കഴിയുന്ന കാര്യമല്ല. എന്നാൽ കഴിഞ്ഞ 8 വർഷങ്ങളായി ടിബി യിൽ പലരും ഗുരുസ്ഥാനത്ത് കാണുന്ന

അനിൽജി എന്നും ഒരു അത്ഭുതമാണ്. ടിബി യുടെ എഡിറ്റോറിയൽ ബോർഡിന്റെ നെടുംതൂൺ. ആരോഗ്യം പോലും വകവെക്കാതെ, നീണ്ട രാത്രികളിൽ എത്ര ഉറക്കമിളച്ചാണ് അനിൽജി ഓരോ പ്രതിഭയെയും ആ തൂലികയിലൂടെ നമുക്ക് മുന്നിലേക്ക് തുറന്നു വിട്ടത്..

കഴിഞ്ഞ ടിബി മീറ്റിൽ മികച്ച നടനുള്ള അവാർഡ് ഏറ്റുവാങ്ങിയ വിപിൻ മോഹനെ അനുമോദിക്കുന്നതിലാണ് അനിൽജി കൂടുതൽ ആഹ്ലാദിച്ചത് - സ്വയം മികച്ച രണ്ടാമത്തെ നടനുള്ള അവാർഡ് ലഭിക്കുമ്പോഴും. ടിബി വേദികളിൽ നിറയുന്ന പല സ്കിറ്റുകളുടെയും, റീലുകളുടെയും പുറകിലെ തിരക്കഥകൾ അനിൽ ഉണ്ണിത്താന്റെ പേനത്തുമ്പിൽ നിന്നും ഊർന്ന് വീണതാണ് എന്ന് എത്ര പേർക്കറിയാം !! യുറാനസ്സിൽ നിന്നും വന്ന അന്യഗ്രഹജീവികൾക്ക് വരെ അദ്ദേഹം വാക്കുകൾ തയ്യാറാക്കി കൊടുത്തു.!!

'ആരോട് അഭിപ്രായം ചോദിക്കും ? ' എന്നൊരു ചോദ്യമുയർന്നാൽ ആയിരം മനസ്സുകളുണരും കൈകോർക്കും - നാം കാണുന്ന ടീബിയുടെ പ്രയാണവും താളവും മേളവും സുഭദ്രമാക്കിയ കണ്ണിയായി തെന്നിളം കാറ്റായി അനിൽജി അല്ലാതെ വേറെ ആര് !

സഹധർമ്മിണി ബിന്ദുവും മക്കൾ അനന്തുവും അഞ്ജനയും ചേർന്നിമ്പമാക്കിയ കൊല്ലം ആശ്രാമത്തെ സ്വഭവനം ടാലന്റഡ് ബാങ്കേഴ്സിന്റെ കളിമുറ്റമാകാറുണ്ടിടക്കിടെ. വിശ്രമജീവിതം അവിശ്രമം സർഗ്ഗസമ്പന്നമാകട്ടെ, നമ്മുടെ കൂട്ടായ്മയുടെ, ജൈവികതയുടെ പ്രതീകമായി പരിലസിക്കട്ടെ. ആശംസകൾ, നൂറുനൂറാശംസകൾ.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി & സ്വപ്നരാജ്

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------

Today, Shri. Anil Unnithan—Anilettan to most of us, and Anilji to many others —is completing 38 years of a glorious banking career and retiring from his banking career.

Though he formally retires today, his closeassociation with the Talented Bankers family continues—as our guide, mentor, philosopher, playmate, the gentle breeze that lifted many

and a strong leader.

This week's TBOW—

G. Anilkumar
Central Bank of India
Kadappakkada, Kollam.

Hailing from the town of Kundara, he is the middle child of the late K.K.G. Unnithan (a KEL employee and staunch communist) and Ratmamayeedevikunjamma, with an elder sister and a younger sister.

He began his learning under the humble shade of "Manalmedium," the sand school of Kuttiyaasan, before completing his education from LMS L.P. School, St. Jude's High School, Kollam SN College, and Baselius College, Kottayam—eventually emerging with a postgraduate degree in Chemistry and growing up to be the bearded Anil sir that we know.

His passion for literature found form in kadhaprasangam, mono-acts, and other cultural engagements. In July 1987, at the age of 22, he joined the Central Bank of India. From Malayinkeezhu, Trivandrum, his banking journey took off. His stay in the Ananthapuri gave him exposure to the essence of music and rhythm.

After that he got the opportunity to work in his homeland for a long term, where he brought a rare human touch and intellectual depth to his work. With gentle wisdom and warm leadership, he became a cherished brother to many. For over two decades, he led the cultural platform "Kollam Bees," enriching the artistic life of bank staff. He was part and parcel of the employees' union's activities. As he was working as the Deputy General Secretary, he was promoted to Officer grade with a transfer to Aluva, where he won the Central Bank Vigilance Award at the national level—proof of his unwavering dedication.

After serving the bank through various cadres, he returned once again to Kollam, where he continued to serve with passion during the last six years. His leadership in the Central Bank Officers' Association added yet another feather to his cap.

As he retires from official duty, we joyfully proclaim: "This is our vibe—forever young in spirit, Anilettan's vibe!"

For Anilkumar too, the day had only 24 hours—he used each one with purpose. His spark ignited growth in those around him, guiding them as a guardian and friend. Many found their own voices and visions through his.

Who is Anil? A mentor who trained Kollam youth for bank jobs utilizing the opportunities that the Union gave him. A satirist who wrote for early episodes of Asianet's "Munshi". (As he became busy in his career, he slowly had to withdraw his writings for "Munshi", after

more than a thousand episodes.) A writer who offered Kerala a tribute on Bernard Shaw. An aesthete who valued literature deeply.

His short story “Jalanidhi”, which won first prize in a Labour Life contest, stands as a testimony to his reflective, humanistic voice.

Here is an excerpt from the note written about Anil Unnithan by the historian of Kollam, Sri. Ravimohan: " Anil, who was a staunch admirer of actor Mammootty, made sure not to miss watching any movie of the actor. Also, it would be difficult to keep count of the books Anil has read. While in the hostel, well into the late hours of the night, he and his friends would enact various KPAC plays. This reflects the passion they had for cinema, theatre and literature. This deep-rooted passion from the youth may have won Anil the second-best actor for the short film 'Silver Spoon'."

In Talented Bankers, asking “Who is Anilji?” is redundant. His dreams and ideas are woven into our very fabric, and he needs no introduction anywhere. The growth of TB has witnessed the careful nurturing by Anilji, contributed by his dreams and imaginative creativity – a caring gardener nurturing his blooms.

It takes rare grace to inspire, uplift, and carry the dreams of others while nurturing your own. For eight years, Anilji has been our guiding light, a wonder to many. He is the strong pillar of our Editorial Board. Many a night, sacrificing sleep, he presented hidden gems to the TB platform with his ever-flowing pen.

When Vipin Mohan won Best Actor at the last TB meet, Anilji rejoiced more than when he himself was awarded the second-best actor! Many scripts, reels, and performances in our Talented Bankers bore his invisible signature—even the aliens from Uranus spoke through Anilji’s pen!

Ask, “Whom should we consult?”—and a thousand minds will echo one name. He is the rhythm behind TB’s music, the breeze behind its sails.

His Kollam Asramam home, with wife Bindu and children Ananthu and Anjana, has become TB’s playground at times. May his retirement be rich in creativity and joy. May Anilji forever shine as the symbol of our togetherness and vitality.

Warm wishes and heartfelt gratitude—for everything. And a big salute to Sri. Anil Unnithan – The Man of Many Shades!